## 24.01.2018–ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ലൈഫ് മിഷൻ അവലോകന യോഗത്തിന്റെ മിനിട്ട്സ്

അവലോകന യോഗം ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വൈകിട്ട് 6.30ന് ആരംഭിച്ചു.

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ലൈഫ് മിഷന്റെ നാളിതുവരെയുള്ള പ്രവർത്തന പുരോഗതി യോഗം മുമ്പാകെ അവതരിപ്പിച്ചു. ഗുണഭോക്തൃ പട്ടിക അന്തിമമാക്കുന്നതിനുള്ള ഗ്രാമസഭ 1027 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പൂർത്തീകരിച്ചുവെന്നും ശേഷിക്കുന്ന 7 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉടൻതന്നെ ഗ്രാമസഭ കൂടി പട്ടിക അന്തിമമാക്കുന്നതാണെന്നും അറിയിച്ചു.

ഒക്ടോബർ മാസത്തിൽ തന്നെ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരിക്കാനുള്ള പ്രവർത്തനം ആരംഭിച്ചുവെങ്കിലും ട്രഷറി നിയന്ത്രണം മൂലം നവംബർ, ഡിസംബർ, ജനുവരി മാസങ്ങളിൽ കാര്യമായ പുരോഗതി കൈവരിക്കാനായിട്ടില്ല. ആയതിനാൽ തന്നെ ഇവയുടെ പൂർത്തീകരണത്തിന് നിശ്ചയിച്ച മാർച്ച് 31 എന്ന ലക്ഷ്യം മെയ് 31–ലേക്ക് നീണ്ടേക്കാമെന്ന ആശങ്ക അറിയിച്ചു.

ലൈഫ് മിഷന് ആവശ്യമായ ധന സമാഹരണത്തിനായി ഭവനം ഫൗണ്ടേഷനെ എസ്.പി.വി ആക്കുന്നതിലേക്കുള്ള ചർച്ചകളുടെ അടിസ്ഥാനത്തിൽ ചീഫ് സെക്രട്ടറി തലത്തിൽ ധാരണയായിട്ടുണ്ട്. ആയതിന് ഇനി മന്ത്രിസഭയുടെ അംഗീകാരം ലഭ്യമാക്കേണ്ടതുണ്ട്.

ലൈഫ് മിഷനുവേണ്ടി പ്രത്യേക SLBC വിളിച്ചുകൂട്ടുകയും ആദ്യവർഷത്തെ പ്രവർത്തനങ്ങൾക്കായി വായ്പ എടുക്കുന്നതിനുള്ള ചർച്ചകൾ നടത്തുകയും ചെയ്തു. കൂടാതെ എൻ.എച്ച്.ബിയിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നതിനും പ്രാരംഭ ചർച്ചകൾ നടത്തിയിട്ടുണ്ട്.

നൂതന സാങ്കേതിക വിദ്യകൾ ലൈഫ് മിഷന്റെ ആവശ്യത്തിലേക്ക് സമന്വയിപ്പിക്കുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഐ.ഐ.ടി പ്രൊഫസർമാർ ഉൾപ്പെട്ട എക്സ്പെർട്ട് കമ്മിറ്റി 23.01.2018–ൽ യോഗം ചേർന്ന് ശുപാർശ നൽകിയിട്ടുണ്ട് എന്ന വിവരവും യോഗത്തെ അറിയിച്ചു.

തുടർന്ന് ബഹു. മുഖ്യമന്ത്രി പ്രവർത്തനങ്ങൾ വിലയിരുത്തി സംസാരിച്ചു. പദ്ധതി പുരോഗതി കൈവരിക്കുന്നതിൽ ആവശ്യമായ വേഗതയില്ല എന്ന വസ്തുത മനസ്സിലാക്കേണ്ടതുണ്ടെന്ന് അദ്ദേഹം അറിയിച്ചു. ആയതിലുള്ള ആശങ്ക അദ്ദേഹം പ്രകടിപ്പിച്ചു.

ട്രഷറി നിയന്ത്രണമുണ്ടായി എന്നത് മാത്രമല്ല പദ്ധതി വൈകാനുള്ള കാരണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതിയുടെ പൂർണ്ണ അന്ത:സത്ത ഉൾക്കൊണ്ട് വേണ്ടത്ര മുന്നേറ്റം നടത്തിയിട്ടില്ല.

പാവപ്പെട്ട കുടുംബങ്ങൾക്ക് സർക്കാർ ധനസഹായത്തിന് പുറമെ മനുഷ്യാധ്വാനം, സംഭാവന എന്നിവ കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ തദ്ദേശതലത്തിൽ സ്വീകരിച്ചുവരുന്നതായി കാണുന്നില്ല. 14 ജില്ലകളിലും ഒരു ഭവന സമുച്ചയപദ്ധതിയെങ്കിലും ആദ്യവർഷം തന്നെ തുടങ്ങണമെന്ന് വിഭാവനം ചെയ്തുവെങ്കിലും ആയത് ഇപ്പോഴും തുടങ്ങാനായിട്ടില്ല.

ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്താൻ പ്രീഫാബ് സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്താൻ സാധിക്കുമെങ്കിൽ ആയത് ഉപയോഗിച്ച് മുന്നോട്ട് പോകുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

ഗുണഭോക്തൃ പട്ടിക പൂർത്തിയാക്കുന്നതിന് മുമ്പേ ഫ്ളാറ്റ് നിർമ്മാണം ആരംഭിക്കാമായിരുന്നു. എന്നാൽ ഇക്കാര്യത്തിൽ പ്രവർത്തനങ്ങളൊന്നും നടന്നിട്ടില്ല. സമയപരിധിക്കുള്ളിൽ കാര്യങ്ങൾ നടത്തുന്നതിനാണ് മിഷൻ രൂപീകരിച്ചിട്ടുള്ളത്. സാമ്പത്തിക ബുദ്ധിമുട്ടുള്ള സാഹചര്യത്തിലും എങ്ങനെ ഈ പദ്ധതി നടപ്പിലാക്കണമെന്നാണ് ചിന്തിക്കേണ്ടത്.

ആയതിനാൽ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി ലക്ഷ്യം കൈവരിക്കണമെന്ന് ബഹു. മുഖ്യമന്ത്രി അറിയിച്ചു. തുടർന്ന് താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

1. നടപ്പു സാമ്പത്തിക വർഷം നീക്കിവെച്ച 200 കോടിയുടെ പ്ലാൻ വിഹിതം ചെലവഴിക്കാനുള്ള ക്രമീകരണത്തിൽ വീഴ്ചയായി കണ്ടതിൽ കാലതാമസം ഒഴിവാക്കി വിദഗ്ദ്ധ സമിതിയുടെ നിർദ്ദേശങ്ങൾ വിശകലനം ചെയ്ത് എസ്.എൽ.ഇ.സിയുടെ അനുമതിയോടെ ലഭ്യമായ എസ്റ്റിമേറ്റുകൾ ആവശ്യമായ മാറ്റങ്ങൾ വരുത്തി ചെലവ് കുറഞ്ഞ രീതിയിൽ കോമൺ ഏര്യ കുറച്ച് എന്നാൽ അത്യാവശ്യ സൗകര്യങ്ങളൊരുക്കി ഭവന സമുച്ചയങ്ങൾ നിർമ്മിക്കുവാൻ തീരുമാനിച്ചു.
2. ഭൂമിയുടെ വില, ലഭ്യത എന്നിവ പരിഗണിച്ചുവേണം ജി+3 അല്ലെങ്കിൽ അതിന് മുകളിൽ ആവശ്യമായ നിലകൾ നിശ്ചയിക്കേണ്ടത്. ജി+3 അല്ലെങ്കിൽ 100 വീടുകളിൽ താഴെയാണ് ഉൾപ്പെടത്തുന്നതെങ്കിൽ അംഗനവാടി, പാലിയേറ്റീവ് തുടങ്ങിയ അനുബന്ധ സൗകര്യങ്ങൾ ഒഴിവാക്കാവുന്നതാണ്.
3. ഓരോ ജില്ലയുടേയും ഭൂരഹിതരുടെ എണ്ണം, ഭൂമിയുടെ ലഭ്യത എന്നിവ കണക്കാക്കി ജില്ലയിൽ എത്ര സ്ഥലത്ത് എത്ര ഭവനസമുച്ചയം നിർമ്മിക്കേണ്ടതെന്ന പ്ലാൻ തയ്യാറാക്കണം.

4. ഭവന സമുച്ചയങ്ങളുടെ നിലകൾ, നിർമ്മാണ രീതി, മറ്റ് നടത്തിപ്പിനാവശ്യമായ രീതികൾ എന്നിവയുമായി ബന്ധപ്പെട്ട് "High Level Technical Committee to evaluate and recommend Pre-fab technologies for LIFE Mission" നൽകിയ ശുപാർശകൾ SLEC അനുമതിയോടെ ക്രമീകരിക്കുവാൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി.

5. തോട്ടം മേഖല, ഫിഷറീസ് മേഖല തുടങ്ങിയ മേഖലകളിലെ ഗുണഭോക്താക്കളെ പൂർണ്ണമായി ലൈഫിന്റെ ഭാഗമാക്കുന്നുവെന്ന് ഉറപ്പുവരുത്തണം.

6. ലൈഫ് മിഷന് ആവശ്യമായ ധനസമാഹരണം നടത്തുന്നതിനായി എസ്.പി.വി രൂപീകരിക്കാൻ തീരുമാനിച്ചു.

7. 2018–19 കാലയളവിൽ ബജറ്റിലുള്ള അടങ്കൽ തുകയ്ക്ക് പുറമെ ആവശ്യമായ തു ബാങ്കുകളുടെ സഹകരണത്തോടെ കടമെടുത്ത് നൽകാൻ തീരുമാനിച്ചു. ഇതിലേക്ക് വേണ്ട ക്രമീകരണം എസ്.എൽ.ബി.സിയുമായി സഹകരിച്ചും ഇൻഡിപെന്റന്റ് ബാങ്കിംഗ് അഡ്വൈസറി സർവ്വീസും ഉപയോഗിച്ച് 2 മാസത്തിനുള്ളിൽ ലഭ്യമാക്കാൻ തീരുമാനിച്ചു.

8. ഫണ്ടുകളുടെ ലഭ്യത അനുസരിച്ച് ആദ്യ വർഷത്തിൽ നോൺ – പി.എം.എ.വൈ ലൈഫ് ഗുണഭോക്താക്കളുടെ എണ്ണം നിശ്ചയിച്ച് മുന്നോട്ട് പോകാൻ തീരുമാനിച്ചു. ഫണ്ടുകൾ പ്ലാനിലും കടമെടുപ്പിലും തൃപ്തികരമാണെങ്കിൽ ഭൂമിയുള്ള ഭവനരഹിതരെ പൂർണ്ണമായും 2018–19–ൽ ഉൾപ്പെടുത്തുവാനും 75000 പി.എം.എ.വൈ (നഗരം) ഗുണഭോക്താക്കളെ ഉൾപ്പെടുത്തുവാനും തീരുമാനിച്ചു. വീടുകൾ നിർമ്മിക്കുന്നതിന് അനുസരിച്ച് ലൈഫ് മിഷനുവേണ്ട സാമ്പത്തിക സഹായം പുനർനിർണ്ണയിക്കാമെന്ന് ബഹു. മുഖ്യമന്ത്രി അറിയിച്ചു.

9. പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിനായി വകുപ്പ് മേധാവികളും ജില്ലാ കളക്ടർമാരുടെയും ഒരു വീഡിയോ കോൺഫറൻസ് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടുവാൻ തീരുമാനിച്ചു.

10. പൂർത്തീകരിക്കാത്ത എല്ലാ ഭവനങ്ങളും 2018 മാർച്ച് 31–ന് മുമ്പ് പൂർത്തീകരിക്കുവാൻ തീരുമാനിച്ചു.

11. റേഷൻ കാർഡ് ഇല്ല എന്ന ഒറ്റകാരണത്താൽ അഗതികളായ ലൈഫ് ലിസ്റ്റിൽ ഉൾപ്പെടാത്ത ഗുണഭോക്താക്കളെ ഒഴിവാക്കേണ്ടതില്ല എന്ന് തീരുമാനിച്ചു. എന്നാൽ ഒരു വീട്ടിൽ ഒന്നിലധികം ഗുണഭോക്താക്കളുണ്ടാവില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.

12. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ലൈഫ് മിഷൻ ഉപസമിതി എന്നിവരുടെ ഉത്തരവാദിത്വങ്ങൾ ക്രമീകരിച്ച് ബഹു. മുഖ്യമന്ത്രിയുടെ അംഗീകാരത്തോടെ തദ്ദേശസ്വയംഭരണ വകുപ്പിൽ ഉത്തരവാകാൻ തീരുമാനിച്ചു.

13. ഗ്രാമീണ മേഖലയിൽ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട ഭൂമിയുള്ള മുഴുവൻ ഭവനരഹിതരുടെയും പട്ടിക പി.എം.എ.വൈ (ഗ്രാമിൺ) പദ്ധതിയിൽ പരിഗണിക്കുവാൻ കേന്ദ്രസർക്കാരിന് സമർപ്പിക്കുവാൻ തീരുമാനിച്ചു.

യോഗം 8.00 മണിക്ക് അവസാനിച്ചു.

******************